## നെടിയശാല പള്ളി - മരിയൻ തീർത്ഥാടനകേന്ദ്രം

പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിലുള്ള നെടിയശാല പള്ളി എ.ഡി. 999-ൽ സ്ഥാപിതമായി. സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയിലെ കോതമംഗലം രൂപതയിലെ പുരാതന ദേവാലയങ്ങളിലൊന്നാണിത്. പുരാതന കാലത്ത് സജീവമായൊരു ക്രൈസ്തവ സമൂഹം ഇവിടെ നിലനിന്നിരുന്നു. 1794-ൽ പൗളീനോസ് പാതിരി രചിച്ച "ഇന്ത്യ ഓറിയന്താലീസ് ക്രിസ്ത്യാന" എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള പുരാതന ദേവാലയങ്ങളുടെ പട്ടികയിൽ നെടിയശാല പള്ളിയും ഉൾപ്പെടുന്നു. 1599-ലെ ഉദയംപേരൂർ സൂനഹദോസിൽ സജീവമായി പങ്കെടുത്ത പ്രമുഖ ദേവാലയമാണിത്. 1771-ൽ കാട്ടാന ഈ ദേവാലയം നശിപ്പിക്കുകയും പള്ളിമണി പള്ളിക്കുളത്തിലെറിയുകയും ചെയ്തു. ദേവാലയത്തിലെ തിരുസ്വരൂപങ്ങളും മാമ്മോദീസാത്തൊട്ടി തുടങ്ങിയ വിശുദ്ധ വസ്തുക്കളും നെടിയശാല പള്ളിയുടെ കുരിശുണ്ടായിരുന്ന സ്ഥലത്തേക്കു മാറ്റുകയും 1786-ൽ മാറിക പള്ളി ആരംഭിക്കുകയും ചെയ്തു. 1920 വരെ മാറികപ്പള്ളി നെടിയശാല പള്ളിഎന്നാണ് അറിയപ്പെട്ടിരുന്നത്. 1892 ഡിസംബർ 8 മുതൽ നെടിയശാലയിൽ പുനർനിർമ്മിച്ച കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചുപോന്നു. പ്രസ്തുത കപ്പേള പിന്നീട് കാട്ടുതീയിൽ നശിച്ചുപോയി. 1919 നവംബർ 10ന് നിർമ്മാണമാരംഭിച്ച പുതിയ ദേവാലയം 1922 സെപ്റ്റംബർ എട്ടിനു വെഞ്ചിരിച്ച് വി. ബലി അർപ്പിച്ചുപോന്നു. 1930 ഒക്ടോബർ 10ന് ഇടവക പള്ളിയായി വീണ്ടും ഉയർത്തപ്പെട്ടു. 1968 മെയ് 21 ന് ഇപ്പോഴത്തെ മനോഹരമായ ദേവാലയം ആശീർവദിക്കപ്പെട്ടു. മുൻവശത്തെ കൽക്കുരിശ് പുരാതനത്വവും പാരമ്പര്യവും അനുസ്മരിപ്പിക്കുന്നു. 1999ൽ സഹസ്രാബ്ദി ആഘോഷങ്ങൾ ആരംഭിച്ചു. അതോടനുബന്ധിച്ച് മരിയൻ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ച നെടിയശാലപള്ളിയെ വിശ്വാസവർഷം പ്രമാണിച്ച് 2012 ഒക്ടോബർ 13-ാം തീയതി കോതമംഗലം രൂപതയുടെ ഔദ്യോഗിക തീർത്ഥാടനകേന്ദ്രമായി കോതമംഗലം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വി. കുർബ്ബാനമദ്ധ്യേ അഭിവന്ദ്യപിതാവ് മാർ ജോർജ് പുന്നക്കോട്ടിൽ പ്രഖ്യാപിച്ചു. *(കല്പന നമ്പർ 555/2012).*



പഴയ പള്ളിയുടെ
അവശേഷിക്കുന്ന അൾത്താര

## നെടിയശാല - പുരാതന ക്രൈസ്തവ കേന്ദ്രം

കേരളത്തിലെ ഇടുക്കി ജില്ലയിൽ തൊടുപുഴ പട്ടണത്തിൽനിന്ന് ആറു കിലോമീറ്റർ പടിഞ്ഞാറ് മാറി സ്ഥിതിചെയ്യുന്ന പ്രശാന്ത സുന്ദര ഗ്രാമമാണ് നെടിയശാല. പൗരാണിക കാലത്ത് പടിഞ്ഞാറൻ തുറമുഖങ്ങളും തമിഴകവുമായി ബന്ധപ്പെടുത്തിയിരുന്ന പ്രധാനവീഥി ഈ പ്രദേശത്തുകൂടിയായിരുന്നു. ക്രിസ്തുവർഷാരംഭത്തിനു മുമ്പും അതിനുശേഷവും ശക്തമായൊരു ജനസമൂഹം അധിവസിച്ചിരുന്ന ഈ ദേശം കൃഷിയാൽ സമ്പന്നമായിരുന്നു. പ്രധാന വ്യാപാര കേന്ദ്രങ്ങളിലേക്കു കൊണ്ടുപോയിരുന്ന സുഗന്ധദ്രവ്യങ്ങൾക്ക് ചുങ്കം തീർത്തിരുന്ന സ്ഥലം **ചുങ്കമെന്നും** നെടിയ പാണ്ടികശാലകൾ ഉണ്ടായിരുന്നിടം **നെടിയശാലയെന്നും** അറിയപ്പെട്ടു. കീഴ്മലൈനാട്ടിലും വടക്കുംകൂറിലും തിരുവിതാംകൂറിലും നെടിയശാല അതിന്റെ പ്രശസ്തി നിലനിറുത്തിയിരുന്നു. നെടിയശാലയിലുണ്ടായ കാട്ടാന ശല്യം, പകർച്ചവ്യാധി, നാട്ടുരാജ്യങ്ങളുടെ പതനം, തുടങ്ങിയവ മൂലം ഈ പ്രദേശം വിജനമാവുകയുണ്ടായി. മൂവാറ്റുപുഴ, മണ്ണത്തൂർ, കോലഞ്ചേരി, പുത്തൻകുരിശ്, രാമമംഗലം, മുളന്തുരുത്തി, തിരുവാണിയൂർ, ഏഴക്കരനാട് എന്നിവിടങ്ങളിലേക്ക് ആളുകൾ മാറിപ്പോയി. പള്ളി മാറ്റി സ്ഥാപിക്കപ്പെട്ട സ്ഥലമാണ് **മാറികയായത്.** മൈലക്കൊമ്പ്, ഉദയംപേരൂർ, കുറവിലങ്ങാട്, മുളന്തുരുത്തി തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് പല കാലങ്ങളിലും ക്രിസ്ത്യാനികൾ ഇവിടേയ്ക്ക് കുടിയേറിപ്പാർത്തിട്ടുണ്ട്.



നെടിയശാല
കവലയിലെ കപ്പേള

## മാതാവിന്റെ തിരുസ്വരൂപം-
## അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത നെടിയാലയമ്മ

ദിവ്യത്വം സ്ഫുരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുസ്വരൂപം വളരെ പുരാതനമാണ്. കാട്ടാനയുടെ ശല്യം സഹിക്കവയ്യാതെ പള്ളിയിലെ കപ്യാർ തേക്കിൻ വിറകുകൊണ്ടുണ്ടാക്കിയ ചൂട്ട് കത്തിച്ച് ആനയുടെ പുറത്തിടുകയും ആന



നെടിയാലയമ്മയുടെ സവിശേഷമായ പുരാതന തിരുസ്വരൂപം

പള്ളിക്കുളത്തിൽ മുങ്ങി തീയണയ്ക്കുകയും ചെയ്തു. അടുത്ത ദിവസം പള്ളിമേടയിൽനിന്ന് കപ്യാരെ പിടികൂടി കൊല്ലുകയും ദേവാലയം പൂർണ്ണമായും നശിപ്പിക്കുകയും ചെയ്തു. കൂടാതെ പള്ളിമണി ഇളക്കിയെടുത്ത് പള്ളിക്കുളത്തിലെറിഞ്ഞ് പക തീർത്തു. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപവും മറ്റു രൂപങ്ങളും കുറെക്കൂടി പടിഞ്ഞാറോട്ട് കൊണ്ടുപോയി പാലത്തിങ്കൽ കുരിശിങ്കൽ സൂക്ഷിക്കുകയും പിന്നീട് **മാറികപ്പള്ളി** ആരംഭിക്കുകയുമാണുണ്ടായത്. പ്രത്യേക സവിശേഷതകളുള്ള ആ തിരുസ്വരൂപം 1922-ൽ പുതിയ ദേവാലയം സ്ഥാപിതമായപ്പോൾ ആഘോഷപൂർവ്വം നെടിയശാലയിൽ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത **നെടിയാലയമ്മ** നൂറ്റാണ്ടുകളായി ഇവിടെയെത്തുന്നവർക്ക് അനുഗ്രഹം വർഷിച്ചുകൊണ്ടിരിക്കുന്നു.

## അത്ഭുത കിണറും രോഗശാന്തിയും - മലനാടിന്റെ ലൂർദ്ദ്

**'മലനാടിന്റെ ലൂർദ്ദ്'** എന്നറിയപ്പെടുന്ന നെടിയശാലയിലെ അത്ഭുത നീരുറവ 1941 ഫെബ്രുവരി 11ന് പരിശുദ്ധ അമ്മയിൽനിന്ന് അന്നത്തെ വികാരിയായ ഫാ. ലൂക്ക് കല്ലുങ്കലിനു ലഭിച്ച ദർശനമനുസരിച്ച് കണ്ടെത്തിയതാണ്. അതിരൂക്ഷമായ വരൾച്ചയുണ്ടായപ്പോൾ പള്ളിയുടെ കുരിശിൻതൊട്ടിയിൽ പാറയിൽ കണ്ടെത്തിയതാണ് ഈ നീരുറവ. ചെറിയ കിണറായി രൂപപ്പെടുത്തിയിട്ടുള്ള ഈ നീരുറവയിലെ തീർത്ഥജലം രോഗശാന്തി നൽകുന്നതാണ്. ത്വക്‌രോഗങ്ങൾ, അൾസർ, തീരാവ്യാധികൾ തുടങ്ങി ഈ തീർത്ഥജലം ഉപയോഗിക്കുന്നവർക്ക് നിരവധിയായ രോഗശാന്തി ലഭിക്കുന്നുണ്ട്. മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ, കീടബാധ എന്നിവയ്ക്കും ദിവ്യഔഷധമാണ് ഈ തീർത്ഥജലം. വിദൂരത്തുനിന്നെത്തുന്നവർക്ക് കുപ്പികളിൽ തീർത്ഥജലം കൊണ്ടുപോകുന്നതിനുള്ള ക്രമീകരണങ്ങളുണ്ട്. പ്രാർത്ഥനയ്ക്കായി വിശാലമായ പന്തലും സജ്ജീകരിച്ചിരിക്കുന്നു. തൊട്ടുചേർന്നുള്ള മാതാവിന്റെ ഗ്രോട്ടോയും കിണറും ഉൾപ്പെടുന്ന സമുച്ചയം - ഏവരുടെയും ആശാകേന്ദ്രമായ **മലനാടിന്റെ ലൂർദ്ദാണിത്.**

## നേർച്ചകാഴ്ചകൾ

**'നെടിയാലയമ്മേ പിടിയായി വരണേ'** എന്ന പ്രാർത്ഥന ഫലസിദ്ധിയുള്ളതാണ്. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ഈ അപേക്ഷയുമായി എത്തുന്ന ആരെയും പരിശുദ്ധ അമ്മ ഉപേക്ഷിച്ചിട്ടില്ല. അമ്മയുടെ പിടിനേർച്ച പണ്ടുമുതൽ പ്രസിദ്ധമാണ്. എല്ലാ ആദ്യ ശനിയാഴ്ചകളിലും പിടിനേർച്ചയുണ്ട്. ഇത് ഏറ്റു കഴിക്കാൻ ധാരാളം പേർ

മുന്നോട്ടുവരുന്നുണ്ട്. ആദ്യ ശനിയാഴ്ചകളിൽ ജപമാല, വി. കുർബ്ബാന, വചനപ്രഘോഷണം, നൊവേന, രോഗശാന്തി ശുശ്രൂഷ, പ്രദക്ഷിണം എന്നിവയെ തുടർന്ന് അത്ഭുത കിണറ്റിൻകരയിലാണ് പിടിനേർച്ച നടത്തപ്പെടുന്നത്. കുടാതെ മണി, കൃഷിഫലങ്ങൾ, മാലയും മുടിയും, സ്വർണ്ണം, വെള്ളി തുടങ്ങിയവയും നേർച്ചയായി സമർപ്പിക്കുന്നു. സമ്പാദ്യത്തിന്റെ ഒരംശം പരിശുദ്ധ അമ്മയുടെ തൃപ്പാദത്തിങ്കൽ കാഴ്ച സമർപ്പിച്ച് അനുഗ്രഹങ്ങൾക്കു നന്ദി അറിയിക്കുന്ന പതിവ് പണ്ടുമുതലുള്ളതാണ്. മാതൃസന്നിധിയിൽ ജപമാല ചൊല്ലി കാഴ്ചവയ്ക്കൽ തലമുറകളായി നടന്നുപോരുന്നു. പ്രസിദ്ധമായ സെപ്റ്റംബർ എട്ടിലെ പരിശുദ്ധ അമ്മയുടെ പിറവിത്തിരുന്നാളിനോടനുബന്ധിച്ചുള്ള എട്ടുനോമ്പ് അനുഷ്ഠിക്കുന്ന നാനാജാതി മതസ്ഥരായ ധാരാളം പേരുണ്ട്. തീർത്ഥാടന കേന്ദ്രത്തിലെത്തി പ്രാർത്ഥിച്ച് ദണ്ഡവിമോചനം നേടുന്നവർ അനവധിയാണ്. നെടിയാലമ്മയ്ക്ക് അടിമവയ്ക്കപ്പെടുന്നത് മഹാഭാഗ്യമായി എല്ലാവരും കരുതുന്നു.

## അനുഭവ സാക്ഷ്യങ്ങൾ

**'നെടിയാലയമ്മേ പിടിയായി വരണേ'** എന്ന പ്രാർത്ഥനയിലൂടെ പരിശുദ്ധ അമ്മയിൽ ശരണംവച്ച് അമ്മയുടെ മാധ്യസ്ഥ്യത്തിൽ അനുഗ്രഹങ്ങൾ ലഭിച്ചവരുടെ സാക്ഷ്യങ്ങൾ വളരെയേറെയാണ്. ഭവനനിർമ്മാണം, ജോലി ലഭിക്കൽ, സന്താനലബ്ധി, രോഗശാന്തികൾ, സമൃദ്ധമായ വിളവ്, കീടങ്ങൾ, ക്ഷുദ്രജീവികൾ, പകർച്ചവ്യാധികൾ എന്നിവയിൽനിന്നുള്ള സംരക്ഷണം തുടങ്ങിയവ അനുഭവസാക്ഷ്യങ്ങളാണ്.

ആയിരത്തിലേറെ വർഷമായി അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും തന്റെ മാധ്യസ്ഥ്യം വെളിവാക്കി നാടിനെയും മക്കളെയും സംരക്ഷിക്കുന്ന നെടിയാലയമ്മയിൽ നമുക്ക് ശരണപ്പെടാം. ചരിത്രവും പാരമ്പര്യവും വിശ്വാസവും സമഞ്ജസിച്ചിരിക്കുന്ന പ്രസിദ്ധമായ **മലനാടിന്റെ ലൂർദ്ദിലേക്ക്** തീർത്ഥാടനമായെത്തി മാതൃസന്നിധിയിലണഞ്ഞ് സായൂജ്യം പ്രാപിക്കാം.



മലനാടിന്റെ ലൂർദ്ദ് സമുച്ചയം



അത്ഭുത കിണർ



